# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3305

24.02..2016-ലെ മറുപടിക്ക്

## പാമൊലിൻ ഇറക്കുമതി കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.കെ.നാരായണൻ: | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | പാമൊലിൻ ഇറക്കുമതി ചെയ്ത് ഖജനാവിന് നഷ്ടം ഉണ്ടാക്കിയ കേസിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ റിപ്പോർട്ടിലെയും ഇതിന്റെയടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും നടത്തിയ അന്വേഷണത്തിലെയും കണ്ടെത്തലുകൾ എന്തായിരുന്നു; വിശദമാക്കാമോ; | (എ) | വിജിലൻസ് നടത്തിയ അന്വേഷണത്തിലാണ് നഷ്ടം ഉണ്ടായതായി കണ്ടെത്തിയത്. സി.എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും, പാമോലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും, വിശദമായ അന്വേഷണം നടത്തണമെന്നും ശുപാർശ ചെയ്തിരുന്നു. |
| (ബി) | പാമൊലിൻ ഇറക്കുമതിയിലെ കെടുകാര്യസ്ഥതയും അതുവഴി ഉണ്ടായ നഷ്ടവും സംബന്ധിച്ച കേസിന്റെ വിചാരണ ഇപ്പോൾ നടക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | കേസ് ഇപ്പോൾ തൃശ്ശൂർ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. .വിചാരണ ആരംഭിച്ചിട്ടില്ല. |
| (സി) | കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും കേരള ഹൈക്കോടതിയിലും സർക്കാർ ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ അംഗീ കരിക്കുകയുണ്ടായോ; വിശദമാക്കാമോ; ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ക്രിമിനൽ റിവിഷൻ ഹർജി നൽകിയത് സർക്കാരിന്റെ ഏത് തീരുമാനത്തിന്റെയടിസ്ഥാനത്തിലായിരുന്നു; ഈ ഹർജിയിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; | (സി) | വിജിലൻസ് കോടതിയിലും, ഹൈക്കോ ടതിയിലും സർക്കാർ ഉയർത്തിയ തടസ്സവാദങ്ങൾ അംഗീകരിച്ചില്ല. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഫയൽ ചെയ്ത റിവിഷൻ ഹർജിയും കോടതി അംഗീകരിച്ചില്ല |
| (ഡി) | പാമൊലിൻ ഇറക്കുമതി ചെയ്ത കാലഘട്ടത്തിലെ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ആരായിരുന്നു; ഈ കേസിൽ ആരുടെയെങ്കിലും വിടുതൽ ഹർജി വിചാരണ കോടതി അനുവദിക്കുകയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രീ. ഉമ്മൻചാണ്ടി ആയിരുന്നു പാമൊലിൻ ഇറക്കുമതി ചെയ്ത കാലഘട്ടത്തിലെ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി. ഈ കേസിൽ ആരുടെയും വിടുതൽ ഹർജി വിചാരണ കോടതി അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ